"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിലെ ചേർപ്പ് സി.എൻ.എൻ.ജി.എൽ.പി സ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി എം.എ സുമയ്യ-യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4219/2025/GEDN തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. തൃശ്ശൂർ ജില്ലയിലെ ചേർപ്പ് സി.എൻ.എൻ.ജി.എൽ.പി സ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി സുമയ്യ എം.എ സമർപ്പിച്ച 31.01.2025-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.05.2025-ലെ DGE/8985/2025-E1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ചേർപ്പ് സി.എൻ.എൻ.ജി.എൽ.പി സ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി എം.എ സുമയ്യ 29/01/2025-ൽ ചേർപ്പ് ഉപജില്ലാ എൽ.പി. വിഭാഗം കായികമേളയിൽ സ്കൂളിൽ നിന്നും കുട്ടികളെ കൊണ്ടുപോകാൻ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചുമതല നിർവഹിക്കുന്ന സമയത്ത് കായികമേള നടക്കുന്ന ഗ്രൗണ്ടിൽ വീണ് പരിക്ക് പറ്റുകയും, ഇടത് കാൽ ഒടിയുകയും ചെയ്തതിനാൽ ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് വിശ്രമം എടുക്കേണ്ട സാഹചര്യം വന്നു ചേർന്നു.ആയതിനാൽ 29/01/2025 മുതൽ 18/02/2025 വരെ അവശതാവധി അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പരാമർശം (1) അപേക്ഷ സർക്കാരിന്റെ അനുമതിക്കായി പരാമർശം (2) പ്രകാരം ശിപാർശ ചെയ്തു് പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു. ശ്രീമതി സുമയ്യ. എം.എ ക്ക് 29/01/2025 മുതൽ 18/02/2025 വരെ കെ.എസ്.ആർ ഭാഗം 1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

3. അവധി സംബന്ധിച്ച വിവരങ്ങൾ ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ശ്രീ.എം.എ. സുമയ്യ, ജൂനിയർ അറബിക് അധ്യാപിക, സി.എൻ.എൻ.ജി.എൽ.പി സ്കൂൾ, ചേർപ്പ്, തൃശ്ശൂർ. - 680561
പ്രധാനാധ്യാപകൻ, സി.എൻ.എൻ.ജി.എൽ.പി സ്കൂൾ, ചേർപ്പ്, തൃശ്ശൂർ. - 680561
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar.**
**C. O**
**Date: 26-06-2025 14:25:57**
സെക്ഷൻ ഓഫീസർ